**POLICE** **DEPARTMENT**

**KERALA**

**No.F6-121411/2022/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 24-02-2023

## Circular. 6/2023/PHQ

Sub : പലിശരഹിത വായ്പ ക്രമീകരിക്കൽ ,മെഡിക്കൽ റീ ഇംബേർസ്മെന്റ് അനുവദിക്കൽ എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

Ref : 1.29/01/2017 തീയതിയിലെ ഈ കാര്യാലയത്തിലെ എഫ്1(എ)/186457/2017 നമ്പർ കത്ത്.
2.24/09/2021 തീയതിയിലെ ഈ ഓഫീസിലെ എഫ്6/141193/2021 നമ്പർ കത്ത്.
3.20/12/2021 തീയതിയിലെ സർക്കുലർ നമ്പർ 36/2021 പി എച്ച് ക്യു .
4.12/01/2023 തീയതിയിലെ സർക്കാർ കത്ത് നമ്പർ എൻ2/134/2022/ആഭ്യന്തരം.
5.27/01/2023 തീയതിയിലെ സർക്കാർ കത്ത് നമ്പർ എൻ2/425/2019/ആഭ്യന്തരം.

പലിശരഹിത ചികിത്സാവായ്പ ക്രമവിരുദ്ധമായി യൂണിറ്റ് തലത്തിൽ ക്രമീകരിച്ചു വരുന്നതും ക്രമീകരിച്ചതിനു ശേഷം സാധൂകരിക്കുന്നതിന് സർക്കാരിലേക്ക് നിർദേശം സമർപ്പിക്കുകയും ചെയ്യുന്ന രീതി അഭിലഷണീയമല്ലായെന്നും ആയതിനാൽ ഇത്തരം നടപടികൾ സർക്കാർ ഗൗരവമായി കാണുന്നുവെന്നും ആയതിനാൽ പ്രസ്തുത നടപടികൾ ആവർത്തിക്കാതിരിക്കാനായി വകുപ്പ് തലത്തിൽ ഒരു പൊതുസർക്കുലർ പുറപ്പെടുവിക്കേണ്ടതാണെന്നും സൂചന 4 പ്രകാരം സർക്കാർ നിർദേശിക്കുകയുണ്ടായി.

പലിശരഹിത ചികിത്സാവായ്പയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതു മുതൽ ക്രമീകരിക്കുന്നതുവരെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഈ കാര്യാലയത്തിൽ നിന്നും സൂചന 3 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കുലർ പുറപ്പെടുവിച്ചതിന് ശേഷവും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് പലിശരഹിതവായ്പ ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നത്. കൃത്യമായി പരിശോധന നടത്താതെ പ്രൊപ്പോസൽ സമർപ്പിക്കുന്നതുമൂലം പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കാൻ കാലതാമസം നേരിടുകയും, തന്മൂലം സർവീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഡി സി ആർ ജി യഥാസമയം അനുവദിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നു. അതിനാൽ യൂണിറ്റിൽ നിന്നുള്ള അനാസ്ഥ മൂലം വിരമിച്ച ജീവനക്കാർക്ക് ഡി സി ആർ ജി നൽകാൻ കഴിയാതെ വരുകയോ, പലിശരഹിത വായ്പകൾ ക്രമവിരുദ്ധമായി ക്രമീകരിക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതായിരിക്കും. ആയതിനാൽ പലിശരഹിത ചികിത്സാവായ്പ സംബന്ധിച്ച നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ട രേഖകൾ ഉൾപ്പെടുത്തിയ Check list ഉം മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷയുമായി ബന്ധപ്പെട്ട് അറിഞ്ഞിരിക്കേണ്ട നടപടിക്രമങ്ങളെകുറിച്ചും വകുപ്പ് തലത്തിൽ സൂചന 2 പ്രകാരം ഒരു പൊതു നിർദേശം സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട രേഖകളെപ്പറ്റി കൃത്യമായ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല യൂണിറ്റുകളും അപേക്ഷകൾ കൃത്യമായി പരിശോധിക്കാതെയാണ് പോലീസ് ആസ്ഥാനത്തേയ്ക്ക് അയയ്ക്കുന്നത്.ഇത്തരത്തിൽ അപാകതകൾ പരിഹരിക്കാതെ അപേക്ഷകൾ അയയ്ക്കുന്നത് മൂലം പലതവണ അപേക്ഷകൾ മടക്കേണ്ട സാഹചര്യമാണുള്ളത്. ആയതിനാൽ ഈ വിഷയം സംബന്ധിച്ച സൂചന 2 പ്രകാരമുള്ള മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് പ്രതിപൂരണം ചെയ്യുന്നത് സർക്കാർ തലത്തിലാണ്. ആരോഗ്യവകുപ്പ് ഡയറക്ടർ /ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് അനുവദിക്കുന്ന തുകയുടെ 80% മാത്രമാണ് പ്രതിപൂരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുന്നത്. എന്നാൽ ചില യൂണിറ്റുകളിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് യൂണിറ്റ് മേധാവിമാർ തന്നെ മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായ പ്രവണതകൾ ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

ഈ വിഷയത്തിൽ പരമാവധി വിവരം നൽകുന്നതിനു ഈ സർക്കുലർ പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ ആഫീസുകളിലെയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

K Padmakumar IPS
Additional Director General of Police

To : എല്ലാ യൂണിറ്റ് മേധാവിമാർക്കും അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി

Copy To : സംസ്ഥാന പോലീസ് മേധാവിയുടെ സി എ /പി എച്ച് ക്യു വിലെ എല്ലാ ഓഫീസർമാരുടെയും സി എ മാർക്ക്
സീനിയർ ഫൈനാൻസ് ഓഫീസർ/മാനേജർ /അക്കൌണ്ട്സ് ഓഫീസർ/പി എച്ച് ക്യു വിലെ എല്ലാ എസ്.എസ്/ജെ .എസ് മാർക്ക്
സർക്കുലർ ബുക്ക് /സ്റ്റോക്ക് ഫയൽ

Internal Administrative Processing System
iAPS
KERALA POLICE